ശ്രീ. ദാമോദരൻ കാളാശ്ശേരി: ഇതു സംബന്ധിച്ച് ഡിപ്പാർട്ടുമെൻറ് ഉദ്യോഗസ്ഥൻമാർ ആവശ്യമായ അന്വേഷണം നടത്തുന്നുണ്ട്. ഉൾപ്പെടുത്താവുന്നതാണെങ്കിൽ തീർച്ചയായും ഉൾപ്പെടുത്തുന്നതാണ്.

ശ്രീ. പി. സി. ജോസഫ്: പശ്ചിമഘട്ട വികസനപദ്ധതിയിൽ പുതുതായി ഏതെങ്കിലും താലൂക്കുകൾ ഉൾപ്പെടുത്തണമെന്നു നിവേദനം ലഭിച്ചിട്ടുണ്ടോ, അതു ഗവൺമെൻറ് പരിഗണിക്കുന്നുണ്ടോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: അതു ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആവശ്യമാണെന്നുകണ്ടാൽ വേണ്ട നടപടി സ്വീകരിക്കാം.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: പശ്ചിമഘട്ട വികസന പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി ഒരു സീനിയർ ഉദ്യോഗസ്ഥനെ ആഫീസറായി നിയമിച്ചിരുന്നു. ഇപ്പോൾ അങ്ങനെ ഒരു ഉദ്യോഗസ്ഥനുണ്ടോ? ഇല്ലെങ്കിൽ ഇതിൻെറ ചുമതല ഏതു സെക്രട്ടറിയാണു വഹിക്കുന്നതെന്നു പറയാമോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: ഇപ്പോൾ അങ്ങനെ ഒരു തസ്തിക ഇല്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഏതു സെക്രട്ടറിയാണ് ഇതിൻെറ ചുമതല വഹിക്കുന്നത്?

റവന്യൂ വകുപ്പു മന്ത്രി (ശ്രീ. ബേബി ജോൺ): ഇതു കോ-ഓർഡിനേറു ചെയ്യുന്നതിനു വേണ്ടി ഒരു ഉദ്യോഗസ്ഥൻ ഉണ്ടായിരുന്നു. ഇപ്പോൾ ആ തസ്തിക ഇല്ല. കമ്മ്യൂണിറ്റി ഡെവലപ്മെൻറ് ഡിപ്പാർട്ടുമെൻറ് ആണ് ഇതു കൈകാര്യം ചെയ്യുന്നത്.

ശ്രീ. ടി. എം. ജേക്കബ്: പശ്ചിമഘട്ട വികസന പരിപാടിയുടെ പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള 20 താലൂക്കുകൾ തെരഞ്ഞെടുത്തതിൻെറ മാനദണ്ഡം എന്താണ്?

ശ്രീ. ദാമോദരൻ കാളാശ്ശേരി: അതു പ്രത്യേകം ചോദിക്കണം.

(432-ാമത്തെ ചോദ്യം ചോദിച്ചില്ല)

ദേശസാൽകൃത റൂട്ടുകളിൽ പ്രൈവറ്റ് ബസ്സുകൾക്ക് പെർമിറ്റ് നൽകുന്നതിനുള്ള മാനദണ്ഡം

*408 [433] ശ്രീ. എസ്. തങ്കപ്പൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശസാൽകൃത റൂട്ടുകളിൽ പ്രൈവറ്റ് ബസ്സുകൾക്ക് പെർമിറ്റ് നൽകാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം റൂട്ടുകളിൽ; അതിനു സ്വീകരിക്കുന്ന മാനദണ്ഡം എന്ത്?

ഗതാഗത വകുപ്പു മന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. തങ്കപ്പൻ പിള്ള: ദേശസാൽകൃത റൂട്ടുകളിൽ പ്രൈവറ്റ് ബസ്സുകൾ ഓടുന്നതിനുള്ള പെർമിറ്റ് കൊടുക്കുകയില്ല എന്നതാണ് ഗവൺമെന്റിന്റെ പോളിസി എങ്കിലും ആലപ്പുഴ ജില്ലയിൽ ദേശസാൽകൃത റൂട്ടുകളിൽ പ്രൈവറ്റ് ബസ്സുകൾക്കു പെർമിറ്റു കൊടുത്തതിനു പ്രത്യേക കാരണം വല്ലതും ഉണ്ടോ; അതിനെ സംബന്ധിച്ച്, ഡി. ടി. ഒ. യുടെ പരാതി ഗവൺമെന്റിനു കിട്ടിയിട്ടുണ്ടോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ദേശസാൽകൃത റൂട്ടുകളിൽ പ്രൈവറ്റു ബസ്സുകൾക്കു പെർമിറ്റു കൊടുത്തിട്ടില്ല. എവിടെ എങ്കിലും അങ്ങനെ ഓവർലാപ്പിംഗ് വന്നിട്ടുണ്ടെങ്കിൽ പരിശോധിക്കാം. പരാതി കിട്ടിയിട്ടില്ല.

ശ്രീ. എസ്. തങ്കപ്പൻ പിള്ള: ചെങ്ങന്നൂർ—മാന്നാർ ലൈൻ ദേശസാൽകൃത റൂട്ടാണെങ്കിലും അവിടെ പ്രൈവറ്റു ബസ്സുകൾ ഓടുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെടുത്തിയാൽ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ചെങ്ങന്നൂർ —മാന്നാർ റൂട്ട് ദേശവൽക്കരിച്ച റൂട്ടല്ല.

ശ്രീ. വട്ടിയൂർക്കാവ് രവി: തിരുവനന്തപുരം ജില്ലയിൽ എല്ലാ റൂട്ടുകളും ദേശസാൽക്കരിച്ചിരിക്കുകയാണ്. എന്നാൽ ഗവൺമെന്റ് ഉടമയിലുള്ള ബസ്സുകൾ തികച്ചും അപര്യാപ്തമായതിനാൽ യാത്രക്കാരുടെ ബുദ്ധിമുട്ട് പരിഗണിച്ച് പ്രൈവറ്റു ബസ്സുകൾ അനുവദിച്ച് യാത്രാക്ലേശം പരിഹരിക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഒന്നാമതായി തിരുവനന്തപുരം ജില്ലയിൽ എല്ലാ റൂട്ടുകളും ദേശസാൽക്കരിച്ചിട്ടില്ല. രണ്ടാമത് ദേശസാൽക്കരിച്ച റൂട്ടുകളിൽ ബസ്സുകൾ കുറവാണെങ്കിൽ കൂടുതൽ കൊടുക്കുന്ന കാര്യം പരിശോധിക്കാം. മൂന്നാമത് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് പരിഗണിക്കാൻ നിർവ്വാഹമില്ല. ബസ്സുകൾ കുറവായതുകൊണ്ട് ബുദ്ധിമുട്ട് ഉണ്ട്. പക്ഷേ ദേശസാൽക്കരണത്തിൽനിന്നും പുറകോട്ടുപോകാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല.

ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ: ദേശസാൽകൃത റൂട്ടായ തിരുവനന്തപുരം ജില്ലയിൽ സെക്രട്ടേറിയറ്റിൽ ജോലി ചെയ്യുന്ന ആയിരക്കണക്കിന് ഉദ്യോഗസ്ഥൻമാർ ടൗണിൽ ബസ് കിട്ടാതെ അലഞ്ഞു നടക്കുന്ന ഒരു പരിതഃസ്ഥിതി നിലവിലുണ്ട്. അത്തരം പരിതഃസ്ഥിതിയിൽ കൂടുതൽ ബസ് കൊടുക്കാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: സെക്രട്ടേറിയറ്റു ഉദ്യോഗസ്ഥൻമാർക്ക് യാത്രയ്ക്കുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നുണ്ട്. ഓരോ പ്രദേശത്തേക്കു കൂടുതൽ കൂടുതൽ ആളുകൾ പോകാനുണ്ടെങ്കിൽ അവർക്കു വേണ്ടി പ്രത്യേകം ബസ് കൊടുത്തിട്ടുണ്ട്. ആവശ്യം പരിഗണിച്ച് വേണ്ട ഏർപ്പാടുകൾ ചെയ്തുകൊടുക്കുന്നുണ്ട്.

ശ്രീ. എ. വി. താമരാക്ഷൻ: ചാത്തന്നൂരിൽനിന്നും ചെങ്ങന്നൂരിലേക്ക് ട്രാൻസ്പോർട്ട് ബസ് അനുവദിച്ചിട്ടുണ്ടോ; അതിനുപരിയായി പ്രൈവറ്റു ബസ് ഇടണമെന്നുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. നാരായണക്കുറുപ്പ്: പ്രൈവറ്റു ബസ്സുകളും ആവശ്യപ്പെട്ടിട്ടുണ്ടോ എന്ന് ഇപ്പോൾ പറയാൻ നിവൃത്തിയില്ല. ബന്ധപ്പെട്ട ആർ. ടി. ഒ. യുടെ ആഫീസിൽ അന്വേഷിച്ചതിനുശേഷമേ മറുപടി പറയാൻ നിവൃത്തിയുള്ളൂ.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

ട്രാൻസ്പോർട്ടു ഡിപ്പോകൾ

*409 [421] ശ്രീ. എ. നീലലോഹിതദാസൻനാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആകെ എത്ര ട്രാൻസ്പോർട്ട് ഡിപ്പോകൾ ഉണ്ട്;

(ബി) ജില്ലാ ഡിപ്പോകൾ എത്ര;

(സി) സബ് ഡിപ്പോകൾ എത്ര;

(ഡി) ഏതെങ്കിലും സബ് ഡിപ്പോകളെ ജില്ലാ ഡിപ്പോകൾ ആക്കുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

ഗതാഗത വകുപ്പു മന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്):

(എ, ബി, സി) കേരളത്തിൽ ആകെ 34 ട്രാൻസ്പോർട്ടു ഡിപ്പോകൾ ഉണ്ട്. അവയിൽ 19 എണ്ണം ജില്ലാ ഡിപ്പോകളും 15 എണ്ണം സബ് ജില്ലാ ഡിപ്പോകളും ആണ്. ‡(ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്).

(ഡി) പാലാ, ആറ്റിങ്ങൽ, സുൽത്താൻബത്തേരി എന്നീ സബ് ജില്ലകൾ ജില്ലാ ഡിപ്പോകളായി ഉയർത്താനുദ്ദേശമുണ്ട്.

കൊച്ചി—ബോംബെ ട്രാൻസ്പോർട്ട് ബസ്

*410 [422] ശ്രീ. യു. എ. ബീരാൻ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

കൊച്ചി—ബോംബെ ട്രാൻസ്പോർട്ടു ബസ് ഏർപ്പെടുത്താനുള്ള നിർദ്ദേശം എന്തായി?

ഗതാഗത വകുപ്പു മന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്):

നിർദ്ദേശം പരിഗണനയിലിരിക്കുന്നു. വിശദാംശങ്ങൾ മഹാരാഷ്ട്ര, കർണ്ണാടകം കേരളാ സ്റ്റേറ്റ് ട്രാൻസ്പോർട്ടു കോർപ്പറേഷനുകളുമായി ചർച്ച ചെയ്തു തീരുമാനിക്കേണ്ടതായിട്ടാണിരിക്കുന്നത്.

Fee concession to Students belonging to Other Backward Communities

*411 [432] **Sri Stephen Paduva**: Will the Minister for Harijan Welfare and Community Development be pleased to state:

Whether the Government will consider the revision of income limit for granting fee concession to students of other Backward Communities in the Arts and Science Colleges in the State.

Minister of Harijan Welfare and Community Development:

(Sri Damodaran Kalassery):

The matter is under consideration of Government.

‡ അനുബന്ധം II.

LIBRARY ARCHIVES Kerala Legislative Assembly